Draft #73 of File 17152/ADA1 SO/2020/AD A1 Approved by DEPUTY REGISTRAR I (ADMIN) on 22-Jan-2022 03:03 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 22.01.2022

## <u>സർക്കുലർ</u>

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണം - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 20.01.2022 തീയതിയിലെ സ.ഉ.(സാധാ) നം. 68/2022/ദു.നി.വ നമ്പർ ഉത്തരവ്.
2. 20.01.2022 തീയതിയിലെ 17152/ADA1 SO/2020/എഡി എ 1 നമ്പർ പരിപത്രം.

-------------

സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വ്യാപനം അതിരൂക്ഷമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, മുൻ കാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിരുന്ന ഉത്തരവുകൾക്ക് തുടർച്ചയായി പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ ഈ സർക്കുലർ തീയതി മുതൽ നടപ്പിൽ വരുത്തിക്കൊണ്ട്, സർവ്വകലാശാല പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊള്ളുന്നു.

1. സർവകലാശാലയിലെ ജീവനക്കാരായ രണ്ട് വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്ര രോഗബാധിതർ എന്നിവർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ, താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ, ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഏർപ്പെടുത്തേണ്ടതാണ്.

- ക്യാൻസർ രോഗികൾ, തീവ്ര രോഗബാധിതർ എന്നീ ജീവനക്കാരിൽ വർക്ക് ഫ്രം ഹോം ആവശ്യമുള്ളവർ, ആയതിനുള്ള അപേക്ഷ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ബ്രാഞ്ച് ഓഫീസർ എന്നിവരുടെ ശുപാർശയോട് കൂടി സർക്കാർ ഡോക്ടറുടെ (അലോപ്പതി) മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.
- രണ്ട് വയസ്സിൽ താഴെയുള്ള കുട്ടികളുള്ള അമ്മമാർ, വർക്ക് ഫ്രം ഹോം-നുള്ള അപേക്ഷ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ബ്രാഞ്ച് ഓഫീസർ എന്നിവരുടെ ശുപാർശയോട് കൂടി കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പിനോടൊപ്പം ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.
- ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ രജിസ്ട്രാറുടെ അനുമതിയ്ക്ക് സമർപ്പിക്കേണ്ടതും, അനുമതി ലഭിക്കുന്ന പക്ഷം ഓഫീസ് ഉത്തരവ് ആയി പുറപ്പെടുവിക്കേണ്ടതുമാണ്.

- ടി ജീവനക്കാരുടെ അപേക്ഷ ശുപാർശ ചെയ്യുന്ന മേലധികാരികൾ, ടി സെക്ഷനിൽ വർക്ക് ഫ്രം ഹോം വ്യവസ്ഥ സാധ്യമാകുമോയെന്നും ആയത് അനുവദിക്കുന്നത് മൂലം സെക്ഷനിലെ ജോലികൾക്ക് കാലതാമസം ഉണ്ടാകില്ല എന്നും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- വർക്ക് ഫ്രം ഹോം വ്യവസ്ഥ അനുവദിക്കപ്പെട്ട ജീവനക്കാരുടെ ആഴ്ച്ച തോറുമുള്ള വർക്ക് റിപ്പോർട്ട് മേലധികാരികളുടെയും ബ്രാഞ്ച് ഓഫീസറുടെയും ശിപാർശയോടു കൂടി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
- നിലവിൽ അവധിയിൽ പ്രവേശിച്ചിരിക്കുന്ന മേൽ പരാമർശിച്ചിരിക്കുന്ന വിഭാഗത്തിൽ പെടുന്ന ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം വ്യവസ്ഥ ബാധകമല്ല.

ഒപ്പ്

**ഹാരീസ് പി വൈ**
ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #73 of File 17152/ADA1 SO/2020/AD A1 Approved by DEPUTY REGISTRAR I (ADMIN) on 22-Jan-2022 03:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം